# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -162 27.02.2017 ൽ മറുപടിയ്ക്ക്

## <u>സൈബർ കുറ്റകൃത്യങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പുകളും തടയുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) തിരുവനന്തപുരം ആസ്ഥാനമായുള്ള സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം കൂടാതെ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തിരം സൈബർ കുറ്റകൃത്യങ്ങൾക്കും ഓൺലൈൻ തട്ടിപ്പുകൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം ലോക്കൽ പോലീസ് സ്റ്റേഷനുകളിലും അതീവ ഗുരുതര സ്വഭാവമുള്ള കേസുകൾ സൈബർ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. |
| (ബി) ഇത്തരം കുറ്റകൃത്യങ്ങൾ കാര്യക്ഷമമായും കാലതാമസം കൂടാതെയും അന്വേഷിക്കുന്നതിലേക്കായി കൂടുതൽ സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി സൈബർ സെല്ലുകളുടെ സേവനം വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) C-DAC മുഖേന സൈബർ ഫോറൻസിക്കിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകി പോലീസ് ജില്ലകളിലെ സൈബർ സെല്ലിലും, ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും നിയോഗിച്ചിട്ടുണ്ട്. |
| (സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നു എന്ന് അറിയിക്കുമോ? | (സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിലേക്കായി ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം, ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ |

വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ, എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.